ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികവിഭാഗക്കാരുടെ ചികിത്സയ്ക്കായി പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയിൽ നിന്നും 9-1-1998- ലെ സ.ഉ.(കൈ) നമ്പർ 1/98/പജപവവിവ പ്രകാരം 1998 മുതൽ 25,000 രൂപ വരെ ചികിത്സാധനസഹായമായി അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-9-2012-ലെ സ.ഉ.(കൈ) നമ്പർ 128/12/പജപവവിവ പ്രകാരം ചികിത്സാധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കുകയും ടി ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി 50,000 രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി നിർധനരോഗികൾക്ക് ഒരു ലക്ഷം രൂപ വരെ ബന്ധപ്പെട്ട ആശുപത്രി മുഖേന അനുവദിച്ചു വരുന്നുണ്ട്.

(ബി) നിർദ്ധനരും മാരകരോഗം ബാധിച്ചവരുമായ പട്ടികജാതിക്കാരുടെ ആരോഗ്യ പരിപാലനമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് തുക അനുവദിച്ചുനൽകുകയും ജില്ലാ ആഫീസർമാർ തുക മാറി ഡി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട അപേക്ഷകർക്ക് നേരിട്ടോ ചെക്കായോ അല്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തരമോ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജില്ലാ ഓഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, തുക വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വളപ്പ്, സീഷോർ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

238 (2518) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ്, സീഷോർ എന്നീ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങളുണ്ടോ;എങ്കിൽ ആയത് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ;

(ഡി) ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻമണ്ഡലത്തിലെ വളപ്പ്- പുലയാസ്, കോളനിയിലെ 92 ശതമാനം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. സീഷോർ കോളനിക്ക് ഒന്നാം ഗഡു അനുവദിക്കുകയും നിർമ്മാണ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) തടസ്സങ്ങൾ ഇല്ല.

(സി) വളപ്പ്-പുലയാസ് കോളനിയിൽ ഒരു മാസത്തിനകം പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണെന്ന് നിർമ്മാണ ഏജൻസിയായ FIT അറിയിച്ചിട്ടുണ്ട്. സീഷോർ കോളനിയിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) വളപ്പ് - പുലയാസ് കോളനി, സീഷോർ കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാടാർ സംവരണം

239 (2519) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടാർ സംവരണം സംബന്ധിച്ച് കേന്ദ്രനയം നടപ്പാക്കുന്നത് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയോഗിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly